"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പ് - കാസർഗോഡ് ജില്ലയിൽ പടന്നക്കാട് ജില്ലാ ആയുർവേദ ആശുപത്രിയിലെ നേഴ്സ് ഗ്രേഡ് II ശ്രീമതി ശൈക കെ.പി. യുടെ ചികിത്സാർത്ഥം കോഴിക്കോട് മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.401/2026/AYUSH തീയതി,തിരുവനന്തപുരം, 15-08-2026

---

പരാമർശം:-
1. സ.ഉ.(പി) നം.144/2013/H&FWD, തീയതി 22.04.2013.
2. സ.ഉ.(കൈ) നം.122/2020/ധന, തീയതി 23.11.2020.
3. സ.ഉ.(അച്ചടി) നം.120/2025/ധന, തീയതി 03.10.2025.
4. ശ്രീമതി ശൈക കെ.പി. സമർപ്പിച്ച 19.09.2022 ലെ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് അപേക്ഷ.
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 12.12.2025 ലെ MR.5/29132/2025/DHS നമ്പർ കത്ത്.
6. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 03.01.2026 തീയതികളിലെ DISM/2105/2022-G3 നമ്പർ കത്ത്.

**ഉത്തരവ്**

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ കാസർഗോഡ് ജില്ലയിൽ പടന്നക്കാട് ജില്ലാ ആയുർവേദ ആശുപത്രിയിലെ നേഴ്സ് ഗ്രേഡ് II ശ്രീമതി ശൈക കെ.പി. തന്റെ ചികിത്സാർത്ഥം കോഴിക്കോട് മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ 05.07.2022 മുതൽ 25.07.2022 വരെയുള്ള കാലയളവിൽ ചെലവായ തുക റീഇമ്പേഴ്സ് ചെയ്യുന്നതിനായി പരാമർശം (4) പ്രകാരം സമർപ്പിച്ച മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷ, ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് അനുവദനീയമായ തുക 59,069/-രൂപയാണെന്ന് പരാമർശം (5) പ്രകാരം അറിയിച്ചിട്ടുണ്ടെന്നും ടി തുക അനുവദിച്ച് നൽകണമെന്നും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (6) പ്രകാരം ശിപാർശ ചെയ്തിരുന്നു. ശ്രീമതി ശൈക കെ.പി. ക്ക് കോഴിക്കോട് മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ നിന്നും ലഭ്യമായ ചികിത്സ പരാമർശം (1) പ്രകാരം ചികിത്സാ ചെലവുകൾ പ്രതിപൂരണം ചെയ്യുന്നതിന് അർഹമാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിൽ പടന്നക്കാട് ജില്ലാ ആയുർവേദ ആശുപത്രിയിലെ നേഴ്സ് ഗ്രേഡ് II ശ്രീമതി ശൈക കെ.പി. തന്റെ ചികിത്സയുമായി ബന്ധിപ്പെട്ട് ലഭ്യമാക്കിയ മെഡിക്കൽ റീ-ഇമ്പേഴ്സ്മെൻറ് രേഖകളുടെയും,

ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ പരാമർശം (6) പ്രകാരമുള്ള ശിപാർശയുടേയും, പരാമർശം (2), (3) സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ, ടിയാളുടെ പരാമർശം (4) പ്രകാരമുള്ള മെഡിക്കൽ റീ-ഇമ്പേഴ്സ്മെൻറ് അപേക്ഷ പരിഗണിച്ച്, കോഴിക്കോട് മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ 05.07.2022 മുതൽ 25.07.2022 വരെ ചികിത്സക്കായി ചെലവായ 1,14,248/- രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം അനുവദനീയമെന്ന് കണ്ടെത്തിയ തുകയായ 59,069/-രൂപയുടെ 80% തുകയായ 47,255/-രൂപ (നാൽപ്പത്തി ഏഴായിരത്തി ഇരുനൂറ്റി അമ്പത്തി അഞ്ച് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

VIJAIRAJ J

ജോയിന്റ് സെക്രട്ടറി

1. ശ്രീമതി ശൈക കെ.പി., നേഴ്സ് ഗ്രേഡ് II, ജില്ലാ ആയുർവേദ ആശുപത്രി, പടന്നക്കാട്, കാസർഗോഡ്. (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന).
2. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം. (മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് അപേക്ഷയും, ബില്ലുകളും, അനുബന്ധ രേഖകളും സഹിതം)
3. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.
4. ധനകാര്യ (ലോൺസ്) വകുപ്പ് (3459063//Loans-L1/85/2026-FIN തീയതി 17.07.2026)
5. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/15/2026-AYUSH)

ഉത്തരവിൻ പ്രകാരം

Digitally signed by
Swopna Raj
Date: 17-08-2026
11:22:57

സെക്ഷൻ ഓഫീസർ